(പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിറുത്തിവച്ച സഭ 11.53-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ...., സഭാ നടപടികൾ തടസ്സപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും നിയമസഭാ സാമാജികരിൽ അഞ്ച് പേർ നടത്തുന്ന സമരവുമായി ബന്ധപ്പെട്ടും ഭരണപക്ഷവുമായും പ്രതിപക്ഷവുമായും ചെയർ ചർച്ച നടത്തിയെങ്കിലും ഒരു പൊതുസമവായത്തിലെത്താൻ സാധിച്ചിട്ടില്ല എന്നത് സഭയെ അറിയിക്കുന്നു. സഭ തുടർനടപടികളിലേയ്ക്ക് പ്രവേശിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഞങ്ങളെ ചർച്ചയ്ക്ക് വിളിച്ചതിൽ തീർച്ചയായും സന്തോഷമുണ്ട്. അഞ്ച് എം.എൽ.എ.-മാർ നിരാഹാരം കിടക്കുന്ന സാഹചര്യത്തിൽ, സ്പീക്കർ എന്നുള്ള നിലയിൽ പ്രതിപക്ഷത്തെ ചർച്ചക്ക് വിളിച്ചത് എന്തുകൊണ്ടും ഉചിതമായ നടപടിയാണ്. പക്ഷേ ചർച്ചയിൽ കാര്യമായ പുരോഗതി കാണാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കേരളത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടിയും രക്ഷകർത്താക്കൾക്കുവേണ്ടിയും പൊതുസമൂഹത്തിനുവേണ്ടിയും ഞങ്ങൾ ഉയർത്തിപ്പിടിക്കുന്ന ആവശ്യങ്ങളോട് ഗവൺമെന്റ് ഒരു തരത്തിലും വിട്ടുവീഴ്ചയോടു കൂടിയുള്ള സമീപനം സ്വീകരിക്കാത്തതിന്റെ വെളിച്ചത്തിൽ ഞങ്ങൾക്ക് സഭാനടപടികളുമായി യോജിച്ച് മുന്നോട്ടുപോകാൻ പ്രയാസമുണ്ട്. ഞങ്ങൾ പ്രതിപക്ഷം ഒന്നാകെ സഭ

ബഹിഷ്കരിക്കുകയാണ്.

(മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രതിപക്ഷം സഭ ബഹിഷ്കരിച്ച് പുറത്തുപോയി)

മി. സ്പീക്കർ: ഓർഡർ, ഓർഡർ...., സബ്മിഷനുകൾ റദ്ദ് ചെയ്യുകയാണ്. സബ്മിഷനുകളുമായി ബന്ധപ്പെട്ട ഉത്തരങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണം. മെമ്പർമാർക്ക് ലഭ്യമാക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.